## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

05.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 616

### പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ ഏതെങ്കിലും വൻകിട വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പൊതുമേഖലയിൽ വൻകിട വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടില്ല. |
| (ബി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരളത്തിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പുതുതായി 29 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 69.24 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യവസായ പാർക്കുകളിൽ നിലനിന്നിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അടച്ച് പൂട്ടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എത്ര തൊഴിലാളികൾക്ക് ഇതുമൂലം തൊഴിൽ നഷ്ടമായെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത വ്യവസായ പാർക്കുകളിൽ നിലനിന്നിരുന്ന വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഒന്നുംതന്നെ അടച്ചുപൂട്ടിയിട്ടില്ല. |

Bindu T

സെക്ഷൻ ഓഫീസർ